പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

| | | | |
|---|---|---|---|
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1596 | | 13.07.2011-ൽ മറുപടിക്ക് | |
| അംഗന്‍വാടികളുടെ പ്രവര്‍ത്തനം വിപുലപ്പെടുത്താന്‍ നടപടി | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ. റ്റി.എ. അഹമ്മദ് കബീര്‍<br>ശ്രീ.പി.ബി.അബ്ദുള്‍ റസാക്<br>ശ്രീ.എന്‍. ഷംസുദ്ദീന്‍<br>ശ്രീ.കെ. മുഹമ്മദുണ്ണി ഹാജി | | ഡോ. എം.കെ.മുനീര്‍<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) | |
| (എ) | അംഗന്‍വാടികളുടെ പ്രവര്‍ത്തനം വിപുലപ്പെടുത്താന്‍ ഉദ്ദേശിക്കുന്നുണ്ടോ ; | (എ) | തല്‍ക്കാലം പരിഗണനയിലില്ല. |
| (ബി) | അംഗന്‍വാടി ജീവനക്കാരുടെ നിയമനവ്യവസ്ഥകള്‍ പരിഷ്കരിക്കാന്‍ ഉദ്ദേശമുണ്ടോ; എങ്കില്‍ വിശദമാക്കുമോ; | (ബി) | അംഗന്‍വാടി ജീവനക്കാരെ നിയമിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള സെലക്ഷന്‍ കമ്മിറ്റി പുനര്‍ രൂപീകരണം നടത്തുന്നതിനുള്ള പ്രൊപ്പോസല്‍ സര്‍ക്കാരിന്റെ പരിഗണനയിലാണ്. |
| (സി) | അംഗന്‍വാടികള്‍ പ്രവര്‍ത്തിക്കാന്‍ ആവശ്യമായ മിനിമം സൗകര്യങ്ങളെന്തെല്ലാമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ ; എങ്കില്‍ സൗകര്യങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ ; | (സി) | ഉണ്ട്. പ്രീ സ്കൂള്‍ ക്ലാസ് നടത്തുന്നതിനുള്ള സൗകര്യം, കുടിവെള്ള സൗകര്യം, ടോയ്‌ലെറ്റ് സൗകര്യം, ഭക്ഷണം പാകം ചെയ്യുന്നതിനുള്ള മുറി തുടങ്ങിയവയാണ് മിനിമം സൗകര്യങ്ങള്‍. |
| (ഡി) | എല്ലാ അംഗന്‍വാടികളിലുമായി എത്ര ജീവനക്കാരുണ്ടെന്ന് വ്യക്തമാക്കുമോ ? | (ഡി) | സംസ്ഥാനത്ത് പ്രവര്‍ത്തിക്കുന്ന അംഗന്‍വാടികളില്‍ ആകെ 33051 വര്‍ക്കര്‍മാരും 32934 ഹെല്‍പ്പര്‍മാരുമാണ് ഉള്ളത്. |

സെക്ഷന്‍ ഓഫീസര്‍